9954
29/4/17

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യ നീതി വകുപ്പ് - കടങ്ങോട് കൂട്ട ആത്മഹത്യ - രക്ഷപ്പെട്ട കുമാരി വൈഷ്ണവിയുടെ സംരക്ഷണവും വിദ്യാഭ്യാസവും സർക്കാർ ഏറ്റെടുത്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## സാമൂഹ്യ നീതി (ഇ) വകുപ്പ്

സ. ഉ. (കൈ) നമ്പർ. 14/2017/സാനീവ      തീയതി, തിരുവനന്തപുരം 06/04/2017

---

പരാമർശം :- 29.03.2017 ലെ മന്ത്രി സഭാ തീരുമാനം.

## ഉത്തരവ്

27.03.2017 - ന് തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ കടങ്ങോട് വില്ലേജിൽ കുടുംബാംഗങ്ങളെ കിണറ്റിലെറിഞ്ഞ ശേഷം ഗൃഹനാഥനായ സുരേഷ് കുമാർ ആത്മഹത്യ ചെയ്ത സംഭവത്തിൽ രക്ഷപ്പെട്ട എട്ട് വയസ്സുള്ള വൈഷ്ണവിയുടെ സംരക്ഷണവും വിദ്യാഭ്യാസവും സർക്കാർ ഏറ്റെടുക്കുന്നതിനും ഇതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് തൃശ്ശൂർ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുന്നതിനും പരാമർശപ്രകാരം തീരുമാനിച്ചിരുന്നു.

മാതാപിതാക്കൾ ഇരുവരും അഥവാ ഇവരിൽ ഒരാൾ മരിച്ചുപോവുകയും ജീവിച്ചിരിക്കുന്നയാൾക്ക് സാമ്പത്തിക പരാധീനതയാൽ കുട്ടികളെ സംരക്ഷിക്കാൻ കഴിയാത്ത അവസ്ഥയിൽ ഇത്തരം കുട്ടികളെ സ്വഭവനങ്ങളിൽ/ബന്ധുഭവനങ്ങളിൽ താമസിപ്പിച്ച് വിദ്യാഭ്യാസം നൽകി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് കേരളാ സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന പ്രതിമാസ ധനസഹായ പദ്ധതിയായ "സ്നേഹപൂർവ്വം" പദ്ധതി വഴി കടങ്ങോട് കൂട്ട ആത്മഹത്യയിൽ മാതാപിതാക്കൾ ഇരുവരും നഷ്ടപ്പെട്ട എട്ട് വയസ്സുള്ള വൈഷ്ണവിയുടെ വിദ്യാഭ്യാസം നടപ്പിലാക്കുന്നതിന് തീരുമാനിച്ചുകൊണ്ടും കുട്ടിയുടെ സംരക്ഷണത്തിനുള്ള മറ്റ് നടപടികൾ സ്വീകരിക്കുന്നതിന് തൃശ്ശൂർ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**മിനി ആന്റണി ഐ എ എസ്**
**സ്പെഷ്യൽ സെക്രട്ടറി**

ജില്ലാ കളക്ടർ, തൃശ്ശൂർ.
സാമൂഹ്യ നീതി ഡയറക്ടർ, വികാസ് ഭവൻ, തിരുവനന്തപുരം.
റവന്യൂ (ഡി.ആർ എഫ് - ബി) വകുപ്പ്. ( ഫയൽ നം. 20021/DRF-B3/2017/RD പ്രകാരം).
പൊതു ഭരണ (എസ്.സി) വകുപ്പ്. (29.03.2017 ലെ മന്ത്രി സഭാ തീരുമാനം ഇനം. നം: 884 പ്രകാരം).
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 29-03-2017.

ഇനം നം: 884
O.A.

വിഷയം : റവന്യൂ വകുപ്പ് - തൃശ്ശൂർ ജില്ല, തലപ്പിള്ളി താലൂക്ക്, കടങ്ങോട് വില്ലേജിൽ കുടുംബാംഗങ്ങളെ കിണറ്റിലെറിഞ്ഞ് ഗൃഹനാഥനായ സുരേഷ് ആത്മഹത്യ ചെയ്തത് - രക്ഷപ്പെട്ട മകൾ വൈഷ്ണവിയുടെ (8 വയസ്സ്) സംരക്ഷണവും വിദ്യാഭ്യാസവും സർക്കാർ വഹിക്കുന്നത്.

തീരുമാനം : 27.03.2017-ന് തൃശ്ശൂർ ജില്ല, തലപ്പിള്ളി താലൂക്ക്, കടങ്ങോട് വില്ലേജിൽ കുടുംബാംഗങ്ങളെ കിണറ്റിലെറിഞ്ഞ് ഗൃഹനാഥനായ സുരേഷ് ആത്മഹത്യ ചെയ്തു. രക്ഷപ്പെട്ട 8 വയസ്സുള്ള വൈഷ്ണവിയുടെ സംരക്ഷണവും കുട്ടിക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനും സർക്കാർ തീരുമാനിച്ചു. ഇതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് തൃശ്ശൂർ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുവാനും തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.
അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
സെക്രട്ടറി, പൊതു വിദ്യാഭ്യാസ വകുപ്പ്.